# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3932 — 24.08.2017-ൽ മറുപടിയ്ക്ക്

## പാർലമെന്ററി ജനാധിപത്യ സവിശേഷതകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്, സ്കൂളുകൾ കേന്ദ്രീകരിച്ച് പാർലമെന്ററി ജനാധിപത്യ സവിശേഷതകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ; | (എ) ഓരോ നിയോജക മണ്ഡലത്തിലേയും ബഹു. എം. എൽ.എ മാർ നിർദ്ദേശിക്കുന്ന 4 സർക്കാർ / എയിഡഡ് സ്കൂളുകളിൽ സെമിനാറും 2 സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവയും ഇതിനോടൊപ്പം പാർലമെന്ററി ജനാധിപത്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രസംഗ/ ഉപന്യാസ/ക്വിസ്സ് മത്സരങ്ങളും ഓരോ അദ്ധ്യയന വർഷവും പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. നടപ്പ് അദ്ധ്യയന വർഷം ഇതുവരെ 78 എം.എൽ.എ മാർ തങ്ങളുടെ മണ്ഡലത്തിലെ സ്കൂളുകൾ തെരഞ്ഞെടുത്ത് അറിയിച്ചിട്ടുണ്ട്. ടി സ്കൂളുകളിൽ സെമിനാർ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'കേരള നിയമസഭ ചരിത്രവും - പ്രവർത്തനങ്ങളും' എന്ന പുസ്തകവും സ്കൂൾ തലങ്ങളിൽ വിതരണം ചെയ്യുന്നുണ്ട്.സ്കൂൾ / ജില്ല / സംസ്ഥാനതലങ്ങളിൽ യൂത്ത് പാർലമെന്റ് മത്സരങ്ങൾ സംഘടിപ്പി- |

തുടരും......

ക്കുകയും, അതിൽ ജില്ലാ തല മത്സരങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന 'മികച്ച പാർലമെന്റേറിയൻമാർക്ക്' സംസ്ഥാന നിയമസഭയുടെയും, പാർലമെന്റിന്റെയും പ്രവർത്തനം നേരിട്ട് മനസ്സിലാക്കുന്നതിന് അവസരം നൽകുകയും ചെയ്യുന്നു.

| | |
|---|---|
| (ബി) മങ്കട മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത സ്കൂളുകളിൽ മേൽ സൂചിപ്പിച്ച പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച പ്രവർത്തന പുരോഗതി വിശദീകരിക്കുമോ? | (ബി) മങ്കട മണ്ഡലത്തിൽ നിന്നും ബഹു. എം.എൽ.എ നിർദ്ദേശിച്ച ജി. വി. എച്ച്, എസ് എസ് മക്കരപ്പറമ്പ്, ജി.വി.എച്ച്.എസ്.എസ്. പാങ്ങ് കുറുവ, ജി. എച്ച്. എസ്.എസ് മങ്കട, ജി. എച്ച്. എസ്.എസ് മങ്കട പള്ളിപ്പുറം എന്നീ സ്കൂളുകൾക്ക് സെമിനാർ നടത്തുന്നതിനും, പാർലമെന്ററി ലിറ്ററസി ക്ലബ്ബിനായി നിർദ്ദേശിച്ചിട്ടുള്ള ജി. വി. എച്ച്, എസ് എസ് മക്കരപ്പറമ്പ്, ജി. എച്ച്, എസ്, എസ് കടുങ്ങപ്പുറം പുഴക്കാട്ടിരി ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബിനായി നിർദ്ദേശിച്ചിട്ടുള്ള ജി. എച്ച്. എസ്.എസ് മങ്കട, ജി. എച്ച്. എസ്.എസ് മങ്കട പള്ളിപ്പുറം എന്നീ സ്കൂളുകൾക്കും ടി പരിപാടികൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് നൽകിയിട്ടുണ്ട്. യൂത്ത് പാർലമെന്റ് മത്സരത്തിനായി ജി. എച്ച്, എസ്, എസ് ചെറിയം മങ്കട, ജി. എച്ച്. എസ്. എസ് മങ്കട എന്നീ സ്കൂളുകളിലെ നിർദ്ദേശിച്ചിട്ടുള്ള ടീച്ചർ കോ-ഓർഡിനേറ്റർമാർക്ക് ട്രെയിനിംഗ് നൽകേണ്ടതുണ്ട്. ആയത് സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് ഉടൻ ആരംഭിക്കുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**